പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1412 — 13.12.2012 – ൽ മറുപടിക്ക്

മഴുവങ്ങാട്-രാമൻചിറ ബൈപ്പാസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. മാത്യു റ്റി. തോമസ് | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) | തിരുവല്ലയിൽ മഴുവങ്ങാട് ചിറ മുതൽ രാമൻചിറ വരെ ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | (എ) | കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതിയിൽ പ്പെടുത്തി എം.സി. റോഡിന്റെ ചെങ്ങന്നൂർ മുതൽ ഏറ്റുമാനൂർ വരെ നടത്തുന്ന റോഡു നിർമ്മാണത്തിൽ തിരുവല്ല ബൈപ്പാസ് (മഴുവങ്ങാട് ചിറ മുതൽ രാമൻചിറ വരെ) ഉൾപ്പെടുത്തിയിട്ടുണ്ട്. ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതിക്കു വേണ്ടി 2013 മാർച്ച് മാസത്തോടുകൂടി ലോകബാങ്കുമായി കരാറിൽ ഏർപ്പെടുവാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; വ്യക്തമാക്കാമോ ; | (ബി) | തിരുവല്ല ബൈപ്പാസ് നടപ്പിലാക്കുന്നതിന് ഇപ്പോൾ തടസ്സങ്ങളൊന്നുമില്ല. |
| (സി) | പ്രസ്തുത പദ്ധതി എന്ന് ആരംഭിച്ച് എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ? | | 2013 ജനുവരി മാസത്തിൽ ടെണ്ടർ ചെയ്യുവാനും, 2013 ഏപ്രിൽ മാസത്തോടുകൂടി റോഡു നിർമ്മാണം തുടങ്ങി 2015 ഡിസംബർ മാസത്തോടുകൂടി പൂർത്തിയാക്കുവാനുമാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. |

Sabithe

സെക്ഷൻ ഓഫീസർ